"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 - എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.05.2026-ലെ 16, 25.05.2026-ലെ 1 നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1163/2026/LSGD തീയതി, തിരുവനന്തപുരം, 23-06-2026

---

പരാമർശം:-

1. ആയവന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.05.2026-ലെ 16-ാം നമ്പർ തീരുമാനം
2. ആയവന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.05.2026-ലെ 1-ാം നമ്പർ തീരുമാനം
3. ആയവന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/06/2026 ലെ SC3-3831468-2026 നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ ആയവന ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ പ്രവർത്തിക്കുന്ന ഒലീവ് പ്ലൈ & ബോർഡ് എന്ന സ്ഥാപനത്തിന് കെട്ടിടനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിലുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1), (2) പ്രകാരമുള്ള തീരുമാനങ്ങൾ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ആയവന ഗ്രാമപഞ്ചായത്തിൽ ഏനാനല്ലൂർ വില്ലേജിലെ മരുത്തൂർ ഭാഗത്ത് ശ്രീ. സീതി എം.എം-ന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന പ്ലൈവുഡ് കമ്പനി, പുറമ്പോക്ക് ഉൾപ്പെട്ട ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കരുതെന്ന് കാണിച്ച് വാർഡ് മെമ്പർ ശ്രീമതി സ്വാതി രതീഷ് നൽകിയ പരാതി പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കുകയും പരാതിയോടൊപ്പം സമർപ്പിച്ച മൂവാറ്റുപുഴ തഹസീൽദാർ(LR)-ക്ക് വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള, പ്ലൈവുഡ് കമ്പനിയുടെ സമീപമുള്ള സർവ്വെ നമ്പർ 592/1 -ൽ വരുന്ന 15.38 ആർ തരിശ് വസ്തു കമ്പനിയുടെ കൈവശമുള്ള വസ്തുവിൽ ഉൾപ്പെട്ടു വന്നിട്ടുണ്ടോ എന്നറിയുന്നതിന് താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് വാങ്ങുന്നതിനും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെങ്കിൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകുന്നതിനും പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന് പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയതിനെത്തുടർന്ന് 25.05.2026-ന് ചേർന്ന

പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ചർച്ച ചെയ്യുകയും വ്യാവസായിക ആവശ്യത്തിനായി ശ്രീ.സീതി എം.എം എന്നയാൾ 560/4എ3-2, 560/6-1, 560/6-2, 560/6-2-2, 560/6-3, 592/1എ14, 560/6-4, 592/1എ-14 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ച വിവരം സെക്രട്ടറി കമ്മിറ്റിയിൽ നിന്നും മറച്ച വച്ച നടപടിയിൽ കമ്മിറ്റി അതൃപ്തി അറിയിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം പ്ലൈവുഡ് കമ്പനിക്ക് കെട്ടിട നമ്പർ നൽകിയ സെക്രട്ടറിയുടെ നടപടി റദ്ദു ചെയ്യുന്നതിന് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ടി തീരുമാനത്തിന്മേലും പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

3) വ്യാവസായിക ആവശ്യത്തിനായി ശ്രീ. സീതി എം.എം., മുളാട്ട് 560/43-2, 560/6-1, 560/6-2, 560/6-2-2, 560/6-3, 560/6-4, 592/114 സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുറമ്പോക്ക് ഭൂമിയോ, തരിശ്ശു ഭൂമിയോ ഇല്ലാത്തതിനാലും, പരാതിയിൽ പറയുന്ന 592/1-ൽ പെട്ട 15.38 ആർ വസ്തു പെർമിറ്റിനു സമർപ്പിച്ച അപേക്ഷയിലോ, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ലൊക്കേഷൻ സ്കെച്ചിലോ, സൈറ്റ് പ്ലാനിലോ സ്ഥലക്കരം അടച്ച രസീതിലോ ഇല്ലാത്തതിനാലും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നതിനാലുമാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് നമ്പർ നൽകിയതെന്നും ടി നമ്പർ റദ്ദു ചെയ്യുന്നതിനാവശ്യമായ യാതൊരു രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ കെട്ടിടത്തിന് അനുവദിച്ച ഒക്യുപൻസിയും നമ്പരും റദ്ദു ചെയ്യാൻ സാധിക്കുകയില്ലെന്നും വിയോജനക്കുറിപ്പിൽ സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 15.05.2026-ലെ 16, 25.05.2026-ലെ 1 എന്നീ തീരുമാനങ്ങൾ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കെട്ടിടനമ്പർ റദ്ദു ചെയ്യുന്നതിനുള്ള തീരുമാനം പ്രഥമദൃഷ്ട്യാ നിയമപരമല്ലെന്ന് കാണുന്നതിനാൽ ആയവന ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 15.05.2026-ലെ 16, 25.05.2026-ലെ 1 എന്നീ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ, തിരുവനന്തപുരം. (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ല ജോയിന്റ് ഡയറക്ടർ, എറണാകുളം.

പ്രസിഡണ്ട്, ആയവന ഗ്രാമപഞ്ചായത്ത്, എറണാകുളം.

സെക്രട്ടറി, ആയവന ഗ്രാമപഞ്ചായത്ത്, എറണാകുളം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(ആർബി1/233/2026)

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 24-06-2026 10:11:08
സെക്ഷൻ ഓഫീസർ